(ഡി) ഇപ്പോൾ അവർക്ക് നൽകുന്നത് ഒരു ഡ്യൂട്ടിക്ക് 100 രൂപ എന്ന ക്രമത്തിലാണ്.

(ഇ) ജീവനക്കാരുടെ അപേക്ഷപ്രകാരം അവർക്ക് മാറ്റം നൽകുന്നതാണ്.

(എഫ്) വിജ്ഞാപനത്തിൽ പറഞ്ഞ ശമ്പളം നൽകുന്നുണ്ട്.

ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിച്ച ശ്രീ. കെ. സുധാകരന് ലൈറ്റ് ഡ്യൂട്ടി അനുവദിക്കാൻ നടപടി

75 [4953] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർത്തവ്യ നിർവ്വഹണത്തിനിടയിൽ അപകടത്തിൽപ്പെട്ട എത്ര കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് അദ്ധ്വാനം കുറഞ്ഞ ജോലി നൽകിയിട്ടുണ്ട്;

(ബി) പാറശ്ശാല ഡിപ്പോയിലെ കണ്ടക്ടറും ഐ.എൻ.ടി.യു.സി. യൂണിയന്റെ ജില്ലാ സെക്രട്ടറിയുമായിരുന്ന ശ്രീ. കെ. സുധാകരന് കർത്തവ്യ നിർവ്വഹണത്തിനിടയിൽ എത്ര പ്രാവശ്യം അപകടം ഉണ്ടായിട്ടുണ്ട്;

(സി) അപകട ഫലമായി ശ്രീ. കെ. സുധാകരന് തലയ്ക്ക് ആഴത്തിൽ മുറിവേറ്റിട്ടുണ്ടോ;

(ഡി) ശ്രീ. സുധാകരന് ലൈറ്റ് ഡ്യൂട്ടി നൽകണമെന്ന് മുൻസിഫ് കോടതി വിധി ഉണ്ടായിട്ടുണ്ടോ;

(ഇ) ലൈറ്റ് ഡ്യൂട്ടി നൽകണമെന്ന സുധാകരന്റെ അപേക്ഷ പരിഗണിക്കണമെന്ന് കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ; ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടോ;

(എഫ്) ഇപ്പോൾ ശ്രീ. കെ. സുധാകരൻ കണ്ടക്ടറായി ഡ്യൂട്ടിയിൽ ചേരണമെന്ന് കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ജി) ശാരീരികാസ്വാസ്ഥ്യം അനുഭവിക്കുന്ന ശ്രീ. കെ. സുധാകരന് ലൈറ്റ് ഡ്യൂട്ടി കൊടുക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 11 ജീവനക്കാർക്ക് അദ്ധ്വാനം കുറഞ്ഞ ജോലി നൽകിയിട്ടുണ്ട്.

(ബി) ഒരു പ്രാവശ്യം.

(സി) ശ്രീ. സുധാകരൻ കോർപ്പറേഷനിൽ ഹാജരാക്കിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിൻപ്രകാരം തലയ്ക്ക് മുറിവേറ്റിട്ടുണ്ടെന്ന് അനുമാനിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല.

(ഇ) ഒ. പി. നം. 9037/98 എ എന്ന കേസിന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൻപ്രകാരം ശ്രീ. കെ. സുധാകരന്റെ (കണ്ടക്ടർ പാറശ്ശാല) നിവേദനം വിശദമായി പരിശോധിക്കുകയും വസ്തുതകളുടെ അടിസ്ഥാനത്തിൽ ലൈറ്റ് ഡ്യൂട്ടി നൽകുവാൻ കോർപ്പറേഷന് കഴിയില്ല എന്ന നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്തു. ടി തീരുമാനം ശ്രീമാൻ സുധാകരനെ അറിയിച്ചിട്ടുണ്ട്.

(എഫ്) ശ്രീ. കെ. സുധാകരൻ, കണ്ടക്ടർ 11-2-1994 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിനാൽ കേരള സിവിൽ സർവ്വീസ് ചട്ടങ്ങളിലെ (നിയന്ത്രണവും അപ്പീലും) 15-ാം വകുപ്പുപ്രകാരം ശിക്ഷണ നടപടി സ്വീകരിക്കുകയും ഇതിൻപ്രകാരം വിശദാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാതിരിക്കുന്നതിന് ആവശ്യമായ കാരണങ്ങൾ ഉണ്ടെങ്കിൽ ബോധിപ്പിക്കണമെന്ന് കാണിച്ച് നോട്ടീസ് നൽകിയിരിക്കുകയുമാണ്. അഞ്ചുവർഷത്തിൽ കൂടുതൽ തുടർച്ചയായി അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്ന ജീവനക്കാരനെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുവാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

യാത്രായോഗ്യമല്ലാത്ത ബോട്ടുകൾക്ക് പകരം ഫൈബർ ബോട്ടുകൾ ഗതാഗതത്തിന് ഇറക്കുന്നതിന് പദ്ധതി

76 [4954] ശ്രീ. റോഷി അഗസ്റ്റിൻ:
„ തോമസ് ചാഴികാടൻ:
„ കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജലഗതാഗത വകുപ്പിന്റെ കീഴിൽ യാത്രായോഗ്യമല്ലാത്ത എത്ര ബോട്ടുകൾ ഉണ്ട്;

(ബി) ജലഗതാഗത വകുപ്പിന് പ്രതിവർഷം എത്ര രൂപ ലാഭമുണ്ടാകുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) യാത്രായോഗ്യമല്ലാത്ത ബോട്ടുകൾക്കുപകരം ഫൈബർ ബോട്ടുകൾ ഗതാഗതത്തിനായി ഇറക്കുന്നതിന് പദ്ധതിയുണ്ടോ;

(ഡി) അന്താരാഷ്ട്ര നിലവാരമുള്ള ബോട്ടുകൾ നിർമ്മിക്കാൻ ബോട്ട് നിർമ്മാണശാല ആരംഭിക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly